This Question Paper consists of 11 printed pages

ഈ ചോദ്യപേപ്പറിൽ 11 അച്ചടിച്ച പുറങ്ങൾ ഉണ്ട്

Roll No.
റോൾ നമ്പർ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

Code No.
കോഡ് നമ്പർ

# മാതൃകാ ചോദ്യപേപ്പർ
# സീനിയർ സെക്കന്ററി
# മലയാളം ( 343)

Day and Date of Examination : …………………………………….………....
( പരീക്ഷാദിവസവും തീയതിയും )

Signature of Invigilators 1……………………………………………………
(മേൽനോട്ടക്കാരന്റെ ഒപ്പ് ) 2……………………………………………………

**പൊതു നിർദ്ദേശങ്ങൾ**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യപേജിൽ എഴുതേണ്ടതാണ്
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്
3. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
4. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ എഴുതേണ്ടതാണ്.
5. തന്നിരിക്കുന്ന ഉത്തരപുസ്തകത്തിൽത്തന്നെ എല്ലാ ഉത്തരങ്ങളും എഴുതേണ്ടതാണ്.
6. ചോദ്യപേപ്പറിൽ ഉള്ള നമ്പർ തന്നെ ഉത്തരമെഴുതുമ്പോഴും നൽകേണ്ടതാണ് ( ഉദാ: 1.2, 5.1, 7.3 .........)

# MALAYALAM

# മലയാളം

(343)

സമയം : 3 മണിക്കൂർ | മാർക്ക് : 100

**1**. *ഏതെങ്കിലും 20 ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോ മാർക്കുവീതം* *( 20 x 1= 20 )*

1.1 കുഞ്ചൻ നമ്പ്യാർ പുരാണകഥകളെ തുള്ളലിലൂടെ പുനരാവിഷ്കരിച്ചത് എന്തിനു വേണ്ടിയായിരുന്നു ?

A ഭക്തിഭാവം വർദ്ധിപ്പിക്കാൻ B. രാജാക്കാന്മാരെ സ്തുതിക്കാൻ
C. കലകൾ പ്രചരിപ്പിക്കാൻ D.നാട്ടിലെ അരക്ഷിതാവസ്ഥ മറികടക്കാൻ

1.2. 'ആഭ്യന്തര വിപ്ലവം തുടങ്ങിക്കഴിഞ്ഞു. ഇനി രക്ഷയില്ല' - ശ്രീ ഭഗവതി എന്ന കഥയിൽ ആഭ്യന്തര വിപ്ലവം എന്നു വിശേഷിപ്പിക്കുന്നതെന്തിനെയാണ് ?

A. കുടുംബകലഹം B. മകളുമായുള്ള ശണ്ഠ

C. നാട്ടുകാരുമായുള്ള വഴക്ക് D. ബന്ധുക്കളുമായുള്ള തർക്കം

1.3. ഉപ്പാന്റെ മരണം പ്രകൃതിയിൽ പ്രതിഫലിച്ചതെങ്ങനെ?

A. ചന്ദ്രന്റെ മുഖം വിളറി B. പള്ളിമണിയുടെ നാദം മുഴങ്ങി

C. പക്ഷികൾ കൂട്ടത്തോടെ പറന്നു. D. കിണറ്റിൽ ഓളങ്ങളുണ്ടായി

1.4. 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' ആരുടെ ആത്മകഥയാണ്?

A. ശ്രീനാരായണഗുരു B. ജവഹർലാൽ നെഹ്റു

C. സ്വാമി വിവേകാനന്ദൻ D. മഹാത്മാഗാന്ധി

1.5. മകനെക്കാണാൻ ആശുപത്രിയിൽ വരരുത് എന്ന ഡോക്ടറുടെ നിർദ്ദേശം കേട്ട് എന്തും സമ്മതിക്കുന്ന തരത്തിൽ തളർന്നിരുന്നത് ആര്?

B. മനോജിന്റെ അച്ഛൻ B. മനോജിന്റെ മുത്തച്ഛൻ
C. മനോജിന്റെ അമ്മ D. മനോജിന്റെ അടുത്ത ബന്ധു

1.6. കർണപർവ്വം എന്ന കഥയിലെ നായകനായ സെബാസ്റ്റ്യൻ 20 വർഷമായി കൊണ്ടു നടന്നിരുന്ന നാടകസംഘം പിരിച്ചുവിട്ടതെന്തുകൊണ്ട്?

A. കാണികൾ കുറഞ്ഞതോടെ
B. അവിചാരിതമായി സംഭവിച്ച അപകടത്തെ തുടർന്ന്
C. നാടകത്തിന് ബുക്കിംഗ് കുറഞ്ഞതിനാൽ
D. നടന്മാർ പിരിഞ്ഞുപോയതിനാൽ

1.7. 'മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പോഴും - ഉഡുകളിൽ ദൃശ്യമാകുന്നതെന്ത്?

A. തിളക്കം B. ശാന്തത C. പ്രകാശം D. നടുക്കം

1.8. റോമൻ സംസ്കാരം ഉച്ചനില പ്രാപിച്ചത് ആരുടെ കാലത്താണ്?

A. അഗസ്റ്റസിന്റെ B. അന്റോണിയസ് പയസിന്റെ
C. ക്ലാഡിയസിന്റെ D. ജൂലിയസ് സീസറിന്റെ

1.9. ‘കാളിന്ദിയാറ്റിൻ കരയിലെ
പച്ചപ്പുൽത്തകിടിപ്പുറം’ എന്ന് അന്നത്തെ പുണ്യം എന്ന കവിതയിൽ കവി വർണ്ണിക്കുന്ന പുണ്യഭൂമിയേത് ?

A.പാലാഴി B. വൃന്ദാവനം C. മഥുരാപുരി D. കുരുക്ഷേത്രം

1.10 ‘വിട്ടയയ്ക്കുക’ എന്ന കവിതയിൽ ‘നീലമേലാപ്പു കെട്ടി കാത്തുനിൽക്കുന്ന’ തായി കിളി പറയുന്നതെന്തിനെ ?

A. കാനനം B. അമ്മവീട് D. വാനിടം C. മരച്ചില്ല

1.11. ഘടോൽക്കചൻ കിടക്കുന്നതെങ്ങനെയെന്നാണ് ഗാന്ധാരി പറയുന്നത്?

A. ശോണിതവുമണിഞ്ഞ് B. കല്യാണരൂപനായി
C. ദുർമതിവീരനായി D. നീലമലപോലെ

1.12 തീവണ്ടിയാപ്പീസിലെത്താനുള്ള യാത്രയിൽ വെള്ളായിയപ്പന് എതിരെ വന്നതാര്?

A. കോടച്ചി B. കുട്ട്യസ്സൻ മാപ്പിള
D. പാറാവുകാരൻ C. കണ്ടുണ്ണി

1.13. കുഞ്ഞുപാത്തുമ്മായുടെ മുറിവ് വച്ചുകെട്ടിയ ചെറുപ്പക്കാരന്റെ പ്രത്യേകത എന്തായിരുന്നു

A. ഇടതു കൈയ്യിൽ ചെറുവിരൽ ഇല്ലായിരുന്നു B. പാദം ഇല്ലയിരുന്നു
C. ഒരു കണ്ണ് ഇല്ലായിരുന്നു D. ഒരു കൈ ഇല്ലായിരുന്നു

1.14. സൂര്യൻ മുത്തശ്ശിയെ കണ്ടത് എവിടെ വച്ചായിരുന്നു ?

A. അടുക്കളയിൽ B. പൂമുഖത്തിണ്ണയിൽ
C. തെക്കിനിയിൽ D. വടക്കിനിയിൽ

1.15. വിശ്വഭാരതി സ്ഥാപിച്ചതാര് ?

A. ജവഹർലാൽ നെഹ്റു B. അംബേദ്കർ
C. രവീന്ദ്രനാഥടാഗോർ D. ഗാന്ധിജി

1.16. എം.ടി യുടെ ഓർമ്മയിൽ കണ്ണാന്തളിപ്പൂക്കൾ വിടർന്നു നിന്ന കുന്ന് ഏതായിരുന്നു ?

A. താന്നിക്കുന്ന് B. ഗോസായിക്കുന്ന്
C അന്തിമഹാകാളൻ കുന്ന് D. തിരുവില്ല്വാമല

1.17. 'തൊട്ടാൽ പൊട്ടും പളുങ്കുകൊട്ടാരം' എന്ന കടംകഥയുടെ ഉത്തരമെന്ത് ?

A. ചില്ല് B. മൺകുടം C.നീർപ്പോള D. കണ്ണാടി

1.18.'സബർമതി ദൂരെയാണ്' എന്ന നാടകത്തിൽ തേവന്റെ മരിച്ചുപോയ മകളുടെ പേരെന്ത് ?

A. ശാന്തി B. മാധവി C. ചിരുത D. മാല

1.19. കാലനില്ലാതായതോടെ നാട്ടുവാഴിക്ക് നഷ്ടപ്പെട്ടതെന്ത്?

A. സമ്പത്ത് B. അധികാരം C. അത്താഴം D. കപ്പവും ചുങ്കവും

1.20. കർണ്ണപർവ്വം എന്ന കഥയിലെ നായകനായ സെബാസ്റ്റ്യന് കാണികൾ നല്കിയ വിളിപ്പേരെന്ത്?

A. കർണ്ണൻ B. ദ്രോണർ C. ആചാര്യൻ D. അച്ഛൻ

1.21. കവചകുണ്ഡലങ്ങൾ - വ്യത്യസ്തപദങ്ങളായി പിരിച്ച രൂപം എത് ?

A. കവചമായ കുണ്ഡലം B. കുണ്ഡലത്തിന്റെ കവചം

C. കവചത്തിന്റെ കുണ്ഡലങ്ങൾ D. കവചവും കുണ്ഡലവും

1.22. സ്വയം അലക്കാൻ ശീലിച്ചതിലൂടെ ഗാന്ധിജി ലോകത്തിന് നൽകിയ സന്ദേശമെന്ത്?

A. സ്വയം അലക്കുന്നത് ആരോഗ്യത്തിന് നല്ലതാണ്

B. സ്വാശ്രയത്വം ജീവിതത്തിൽ അനുപേക്ഷണീയമാണ്

C. എല്ലാവരും തൊഴിൽ ശീലിക്കണം

D. അലക്കുകാരെ അധികം കഷ്ടപ്പെടുത്തരുത്

1.23. കൃഷ്ണന്റെ കണ്ണുകളിൽ നിറയുന്നത് എന്താണെന്നാണ് ഉള്ളൂർ പറയുന്നത്?

A. ആഹ്ലാദം B. കനിവ് C. നിരാശ D. ദേഷ്യം

1.24. 'ഇന്നു ഞാൻ നാളെ നീ' എന്ന കവിതയിൽ കുരിശിന്റെ മഹത്വമായി കവി കല്പിക്കുന്നതെന്ത്?

A. പാപങ്ങളില്ലാതാക്കി ഭൂമിയെ സ്വർഗ്ഗത്തോളം ഉയർത്താൻ വഴികാട്ടുന്നത്.

B. അന്തികത്തുള്ള പള്ളിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്

C. രണ്ടായിരത്തോളം ആണ്ടുകളുടെ പാരമ്പര്യമുള്ളത്

D. മാലാഖമാർ കൊണ്ടുവരുന്നത്

1.25. ശ്രീ ഭഗവതി' എന്ന കഥയിൽ പുരുഷ മേധാവിത്വ ചിന്ത പുലർത്തുന്ന കഥാനായകൻ ഭാര്യയെ കീഴ്പ്പെടുത്താനായി പ്രയോഗിക്കുന്ന തന്ത്രമെന്ത്?

A. സ്നേഹത്തോടെ പെരുമാറി

B. ദേഷ്യത്തോടെ പെരുമാറി

C. നീയാണെന്റെ ശ്രീ ഭഗവതി എന്ന് പ്രശംസിച്ചു

D. ഭാര്യയുടെ സൗന്ദര്യത്തെ പുകഴ്ത്തി

1.26.എന്തുവന്നാലും കിണർ മൂടുകയില്ലെന്ന് ഉതുപ്പാൻ നിശ്ചയിച്ചതെന്തുകൊണ്ട്?

A. നാട്ടുകാർക്ക് കുടിവെള്ളത്തിന് മറ്റു മാർഗങ്ങൾ ഇല്ലാത്തതിനാൽ

B. പശുക്കൾക്ക് വെള്ളം കൊടുക്കേണ്ടതിനാൽ

C. അത് അയാളുടെ ജീവിത സർവസ്വമായതുകൊണ്ട്

D. മറ്റു കിണറുകളിൽ നിന്നും വെള്ളം ലഭിക്കാത്തതിനാൽ

1.27. കലകൾ വികസിക്കുന്നത് ഏതു ദശയിലാണെന്നാണ് എം.പി.പോൾ പറയുന്നത്?

A. പാരമ്പര്യമാണ് കലകളുടെ പിറവിക്ക് അടിസ്ഥാനം

B. സാഹചര്യങ്ങളുടെ പക്വദശയിൽ

C. കലാവാസന ജന്മസിദ്ധമാണ്

D. അനുഭവത്തിന്റെ തീച്ചൂളയിൽ

1.28. ''ഏന് പടിത്തമില്ല, ഈ കഴുത്തേച്ചറ്റം നാക്കോളേളോരോട് വാതാടാന്'' ഇത് ആരുടെ വാക്കുകളാണ് ?

A. മാധവന്റെ B. വേണുവിന്റെ C. ശാന്തിയുടെ D. തേവന്റെ

1.29. 'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന രചനയിൽ എം. ടി. തെക്കർ എന്നു വിശേഷിപ്പിച്ചത് ആരെയാണ് ?

A വന്നേരിക്കാർ B.വടക്കേ പാടത്തുള്ളവർ
C. പാണനും പാട്ടിയും C. കിഴക്കേ പാടത്തുള്ളവർ

1.30. ''അവരൊക്കെയല്ലേ എന്നെ ഇങ്ങനാക്കിയത്. എന്നിട്ടിപ്പോ വെഷമിക്കണതെന്തിനാ?' - പുകമറയ്ക്കപ്പുറം എന്ന പാഠഭാഗത്ത് ഇങ്ങനെ പറഞ്ഞതാരാണ്?

A. മനോജിന്റെ അമ്മ B. മനോജിന്റെ ഭാവിവധു
C. മനോജിന്റെ ഡോക്ടർ D. മനോജ്

**2.** ***ഏതെങ്കിലും 5 എണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക ഒരു മാർക്കുവീതം***
*( 5 x 1= 5 )*

2.1. വന്ന വഴിക്ക് തിരിച്ചുപോയീടുവാൻ വയ്യാത്ത ദേവനേത് ?

2.2. കുരുവികൾ വഴക്കിടുന്നതുകണ്ട് ഓടിച്ചെന്നതാര്?

2.3. ആപ്പ്റ്റെയുടെ നിഘണ്ടുവിൽ ഉപനിഷത്തിനു നൽകിയിരിക്കുന്ന അർത്ഥമെന്ത് ?

2.4. എം. ടി. യുടെ സ്മരണയിൽ പുന്നെല്ലരിച്ചോറിന്റെ ഗന്ധമുള്ള പുഷ്പമേത് ?

2.5. കടങ്കഥയുടെ താവഴിയിൽ പിറന്ന കവി ?

2.6. സബർമതി ദൂരെയാണ് എന്നു പറഞ്ഞതാര്?

2.7. 'പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ പാത കാണിക്കുന്ന'തായി ജി. ശങ്കരക്കുറുപ്പ് പറയുന്നതെന്തിനെയാണ് ?

**3.** *ഏതെങ്കിലും 5 എണ്ണത്തിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക ഒരു മാർക്കുവീതം* *( 5 x 1= 5 )*

3.1. കിണറ് അടിവരെ താഴ്ന്നതോടെ ...........ന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു

3.2. കൊഞ്ചലിന്റെ ............, നിന്റെ പരിചരണത്തിന് നിന്റെ അമ്മത്തമ്പുരാട്ടി തന്നേ പറ്റൂ

3.3. .............. എന്ന നാടകഗ്രൂപ്പിന്റെ രൂപീകരണവുമായി സെബാസ്റ്റ്യൻ ഓടിനടന്നു

3.4 കെട്ടുപോയ ഒരു .............. മനോജിന്റെ കണ്ണുകളിൽ ജ്വലിക്കുന്നതുപോലെ തോന്നി

3.5. 'ഇന്നു ഞാൻ ............ നീ

ഇന്നും പ്രതിദ്ധ്വനിക്കുന്നിതെന്നോർമ്മയിൽ'

3.6. 'അഞ്ഞൂറുവയസ്സുള്ളോരപ്പൂപ്പന്മാരുമിപ്പോൾ

............ ആയിട്ടിരിക്കുന്നോരപ്പൂപ്പനവർക്കുണ്ട്'

3.7. ഈശ്വരസ്നേഹം തുടങ്ങേണ്ടുന്നത് .......... ൽ നിന്നാണ്

3.8. 1947 ഓഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ ഗാന്ധിജി ............... ൽ ആയിരുന്നു

**4.** *ഏതെങ്കിലും 5 എണ്ണം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക, ഓരോ മാർക്കുവീതം* *( 5 x 1= 5 )*

4.1. പാശ്ചാത്യലോകത്തിന്റെ സംസ്കാരപ്രഭാവം ഗ്രീസാണെന്നുള്ളതു സർവ്വ വിദിതമാണ്.

4.2. തന്റെ മുടി മുറിക്കാത്തതിന് ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ ക്ഷുരകനോട് കോപിച്ചു.

4.3. കൂട്ടിലെ കിളിക്ക് മർത്യരുടെ പരിലാളനം ശാന്തി നൽകുന്നു.

4.4. കർണ്ണൻ പ്രയോഗിച്ച വേൽ തറച്ചാണ് ഭഗദത്തൻ മരിച്ചത്

4.5. അന്തിത്തിരിത്തുമ്പിൽ സൂര്യനെ സ്വീകരിച്ചത് മുത്തശ്ശിയാണ്

4.6. പരിക്കേറ്റ കുരുവിയെ കുഞ്ഞുപാത്തുമ്മ രക്തം നൽകി രക്ഷിച്ചു

4.7. നഗരത്തിലുള്ള ജലാധാരങ്ങളെല്ലാം മുപ്പതു ദിവസത്തിനകം മൂടണമെന്ന് പരസ്യപ്പെടുത്തിയത് നഗരസഭയാണ്.

4.8 കഥാപാത്രനിരൂപണത്തിലെ ആദ്യഘട്ടം കഥാഘടനയിൽ കഥാപാത്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കയാണ്.

**5.** *ഏതെങ്കിലും 5 എണ്ണം ചേരും പടി ചേർക്കുക (രണ്ടു ഭാഗവും എഴുതണം ) ഒരു മാർക്കുവീതം* *( 5 x 1 = 5 )*

| | A | B |
|---|---|---|
| 5.1. | വെള്ളായിയപ്പൻ | - ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് |
| 5.2. | സെബാസ്റ്റ്യൻ | - ഉതുപ്പാന്റെ കിണർ |
| 5.3. | കുഞ്ഞുപാത്തുമ്മ | - സബർമതി ദൂരത്താണ് |
| 5.4. | കറുത്തങ്ങേലി | - ലളിതജീവിതം |
| 5.5. | വാപീകൂപം | - ശ്രീഭഗവതി |
| 5.6 | ഗോഖലെ | - കടൽത്തീരത്ത് |
| 5.7 | തേവൻ | - കർണപർവ്വം |

**6.** *ഏതെങ്കിലും 5 എണ്ണത്തിന് പകരം പദം എഴുതുക ഒരു മാർക്കുവീതം (5 x 1=5)*

6.1. പഞ്ജരം

6.2. മനോജ്ഞം

6.3. തസ്കരൻ

6.4. മാരുതൻ

6.5. ആത്മജൻ

6.6. അഞ്ജലി

6.7. കലശം

6.8. വസുന്ധര

**7.** *ചേർത്തെഴുതുക ഏതെങ്കിലും 5 എണ്ണം ഒരു മാർക്കുവീതം* *( 5 x 1= 5 )*

7.1. കൺ+നീർ
7.2. മയിൽ + പീലി
7.3. ചീര + ഇല
7.4. അല്പം + ഒന്ന്
7.5. മുകിൽ + തുണ്ട്
7.6. പണി + ഇല്ലാതെ
7.7. കുതിര + ചാട്ടം

**8.** *ഏതെങ്കിലും 10 എണ്ണത്തിന് 20-25 വാക്കുകളിൽ ഉത്തരമെഴുതുക.*
*2 മാർക്കു വീതം* *( 10 x 2 = 20 )*

8.1. സൂര്യനെ എതിരേറ്റ ബാലികയുടെ ഭാവത്തെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?

8.2. ഏകാങ്കനാടകത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

8.3. വെള്ളായിയപ്പന്റെ ചിന്തകൾ പ്രകൃതിയിൽ പ്രതിഫലിച്ചതെങ്ങനെ?

8.4 ''തിരിഞ്ഞുതിരിഞ്ഞായിരം കണ്ണൻ

പരന്നുപരന്നാറ്റിൽ വീണു - ഈ കടങ്കഥയുടെ ഉത്തരമെഴുതി വിശദീകരിക്കുക

8.5. താന്നിക്കുന്നിലെ കണ്ണാന്തളിപ്പൂക്കൾക്ക് കാലാന്തരത്തിൽ വന്ന മാറ്റം എന്ത്?

8.6. ഉളുപ്പാന്റെ കിണറിനു നേരിടേണ്ടിവന്ന ഉപദ്രവങ്ങൾ എന്തെല്ലാമായിരുന്നു ?

8.7. സെബാസ്റ്റ്യൻ തന്റെ നാടകസമിതി പിരിച്ചുവിടാൻ നിർബ്ബന്ധിതനായത് എന്തുകൊണ്ട് ?

8.8. ആകാശത്തുനിന്ന് പള്ളിമുകപ്പിലേയ്ക്ക് ഇറങ്ങിവന്ന മേഘങ്ങളെ കവി ആരായി ചിത്രീകരിച്ചിരിക്കുന്നു ?

8.9. യുദ്ധഭൂമിയിൽ ശ്രീകൃഷ്ണന്റെ നിലപാടിനെ ഉള്ളൂർ വിവരിക്കുന്നത് എങ്ങനെയാണ് ?

8.10. ഗോഖലെ ഗാന്ധിജിക്ക് നല്ല സർട്ടിഫിക്കറ്റ് നൽകിയത് എന്തിനായിരുന്നു ?

8.11 മനോജിന്റെ മുറിയ്ക്ക് പുറത്തുവച്ച് ഡോക്ടർ നേഴ്സുമാരോട് കോപിച്ചത് എന്തിനായിരുന്നു?

8.12. കലാകാരനെ സംവിധാനം ചെയ്യുന്ന ശക്തികളായി എം.പി. പോൾ സൂചിപ്പിക്കുന്ന ഘടകങ്ങളിൽ രണ്ടെണ്ണം എഴുതുക.

8.13. കാലനില്ലാത്ത കാലത്ത് വൈദ്യന്മാരുടെ ജീവിതം അവതാളത്തിലായത് എങ്ങനെ ?

8.14. മനോഹരമായ കൂട്ടിലാണെങ്കിലും താൻ ദുഖിതനാണെന്ന് കിളി പറയുന്നതിന്റെ കാരണമെന്ത് ?

8.15. തന്റെ മകളായ ദുശ്ശള കേഴുന്നതിന്റെ കാരണമായി ഗാന്ധാരി പറയുന്നതെന്ത് ?

**9.** *ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40-45 വാക്കുകളിൽ ഉത്തരമെഴുതുക. 3 മാർക്ക് വീതം.* *( 5 x 3 = 15 )*

9.1. 'അന്തിത്തിരി' പുതുതലമുറയ്ക്ക് നൽകുന്ന വിശ്വാസവും പ്രത്യാശയും വ്യക്തമാക്കുക.

9.2. 'ശ്രീഭഗവതി' എന്ന കഥയിലെ ഭർത്താവ് പുരുഷമേധാവിത്വത്തിന്റെ പ്രതീകമാണോ ? വിലയിരുത്തുക

9.3. കാലനില്ലാത്ത കാലത്ത് നാട്ടുവാഴി പ്രഭുക്കന്മാർ നേരിട്ട പ്രതിസന്ധി യെന്ത് ?

9.4. ദക്ഷിണാഫ്രിക്കയിൽ വച്ച് ഗാന്ധിജി സ്വയം മുടിമുറിക്കാനിടയായ സാഹചര്യം എന്ത് ?

9.5. കണ്ണാന്തളിപ്പൂക്കളുടെ കാലം എന്ന പാഠത്തിൽ നിറങ്ങളും ഗന്ധങ്ങളും വിസ്മയങ്ങളും നഷ്ടപ്പെട്ടതായി എം.ടിക്ക് തോന്നിയത് എപ്പോൾ? എന്തുകൊണ്ട്?

9.6. ‘കണ്ണുകളിൽ നിന്ന് കണ്ണുകളിലേക്കു പകരുന്ന ഭാഷ ഹൃദയത്തിന്റേതു മാത്രമല്ല, അത് ദൈവത്തിന്റേതുകൂടിയാണ്’- മനോജിന്റെ രോഗസൗഖ്യത്തിന്റെ കാരണം ഭാവിവധുവിന്റെ തീവ്രസ്നേഹമായിരുന്നോ? വിലയിരുത്തുക

9.7. ഗ്രീസിന്റെ ചിന്താലോകത്തിൽ അഭൂതപൂർവ്വമായ ഉണർവുണ്ടായത് ആരുടെയെല്ലാം ജീവിതകാലത്തായിരുന്നു ?

9.8. ഉരുപ്പാന്റെ ബുദ്ധിശൂന്യതയെപ്പറ്റിയുണ്ടായ ജനങ്ങളുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ?

**10.** *താഴെ പറയുന്ന ചോദ്യങ്ങൾക്ക് 100-150 വാക്കുകളിൽ ഉത്തരമെഴുതുക. 5 മാർക്ക് വീതം* *( 3 x 5= 15 )*

10.1. എ. യുദ്ധം വരുത്തിവയ്ക്കുന്ന സർവനാശത്തിന്റെ ഭീകരത ‘ഗാന്ധാരീ വിലാപം’ എന്ന പാഠത്തെ മുൻനിറുത്തി വിവരിക്കുക.

*അല്ലെങ്കിൽ*

. ബി. ‘‘കൂട്ടിലടയ്ക്കപ്പെട്ട കിളിയുടെ തീവ്രദുഃഖത്തേക്കാൾ മനുഷ്യന്റെ സ്വാതന്ത്ര്യാഭിലാഷത്തിന്റെ സൂചനകളാണ് "വിട്ടയയ്ക്കുക' എന്ന കവിതയിൽ തെളിയുന്നത്’’- വിശദമാക്കുക

10.2. എ. ബഷീറിന്റെ സഹജീവിസ്നേഹം 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' - എന്ന പാഠഭാഗത്ത് എത്രമാത്രം വെളിപ്പെടുന്നുണ്ട്?

*അല്ലെങ്കിൽ*

ബി. ‘‘ജാതി മത ചിന്തകൾക്കതീതമായ സ്നേഹം 'കടൽത്തീരത്ത്' എന്ന കഥയിൽ തീവ്രതയോടെ അവതരിപ്പിച്ചിരിക്കുന്നു’’ - സമർത്ഥിക്കുക

10.3. എ. ‘നല്ല അയൽപക്കബന്ധങ്ങൾ സമൂഹസുസ്ഥിതിക്ക് അനിവാര്യ മാണ്’. പാഠഭാഗത്തെ ആശയങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

*അല്ലെങ്കിൽ*

ബി. കടങ്കഥകളുടെ ഭാഷാപരമായ സവിശേഷതകൾ ഉദാഹരണ സഹിതം വ്യക്തമാക്കുക.

## മാതൃകാ ചോദ്യപേപ്പർ

## മലയാളം (343)

## സീനിയർ സെക്കന്ററി

## ഉത്തരസൂചിക

# 1

1.1 D നാട്ടിലെ അരക്ഷിതാവസ്ഥ മറികടക്കാൻ
1.2 D കുടുംബകലഹം
1.3 A ചന്ദ്രന്റെ മുഖം വിളറി
1.4 D മഹാത്മാഗാന്ധി
1.5 C മനോജിന്റെ അമ്മ
1.6 B അവിചാരിതമായി സംഭവിച്ച അപകടത്തെത്തുടർന്ന്
1.7 D നടുക്കം
1.8 A അഗസ്റ്റസിന്റെ
1.9 B വൃന്ദാവനം
1.10 D വാനിടം
1.11 D നീലമലപോലെ
1.12 B കുട്ടസ്യൻ മാപ്പിള
1.13 A ഇടതുകൈയ്യിൽ ചെറുവിരൽ ഇല്ലായിരുന്നു.
1.14 D പൂമുഖത്തിണ്ണയിൽ
1.15 C രവീന്ദ്രനാഥടാഗോർ
1.16 A താന്നിക്കുന്ന്
1.17 C നീർപ്പോള
1.18 D മാല
1.19 D ചുങ്കവും കപ്പവും
1.20 A കർണ്ണൻ
1.21 D കവചവും കുണ്ഡലവും
1.22 B സ്വാശ്രയത്വം ജീവിതത്തിൽ അനുപേക്ഷണീയമാണ്
1.23 B കനിവ്
1.24 A പാപങ്ങൾ ഇല്ലാതാക്കി ഭൂമിയെ സ്വർഗ്ഗത്തോളം ഉയർത്താൻ വഴികാട്ടുന്നത്
1.25 C നീയാണെന്റെ ശ്രീഭഗവതി എന്ന് പ്രശംസിച്ചു
1.26 C അത് അയാളുടെ ജീവിത സർവസ്വമായതുകൊണ്ട്
1.27 B സാഹചര്യങ്ങളുടെ പക്വദശയിൽ
1.28 D തേവന്റെ
1.29 A വന്നേരിക്കാർ

1.30 D മനോജ്

**2**

2.1 സൂര്യൻ

2.2 കുഞ്ഞുപാത്തുമ്മ

2.3 സൂര്യൻ

2.4 കണ്ണാന്തളിപ്പൂക്കൾ

2.5 കുഞ്ഞുണ്ണിമാഷ്

2.6 മഹാത്മാഗാന്ധി

2.7 കുരിശ്

**3**

3.1 ഉതുപ്പാന്റെ

3.2 രാജകുമാരി

3.3 കലാക്ഷേത്ര

3.4 കനൽ

3.5 നാളെ

3.6 കുഞ്ഞ്

3.7 അയൽപക്കത്ത്

3.8 നവഖലിയിൽ

**4**

4.1 ശരി

4.2 തെറ്റ്

4.3 തെറ്റ്

4.4 തെറ്റ്

4.5 തെറ്റ്

4.6 ശരി

4.7 ശരി

4.8 ശരി

**5**

5.1 വെള്ളായിയപ്പൻ കടൽത്തീരത്ത്

5.2 സെബാസ്റ്റ്യൻ കർണപർവ്വം

5.3 കുഞ്ഞുപാത്തുമ്മ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

5.4 കറുത്തങ്ങേലി ശ്രീഭഗവതി

5.5 വാപീകൂപം ഉതുപ്പാന്റെ കിണർ

5.6 ഗോഖലെ ലളിതജീവിതം

5.7 തേവൻ സബർമതി ദൂരത്താണ്

**6**

6.1 കൂട്

6.2 മനോഹരം

6.3 കള്ളൻ

6.4 കാറ്റ്

6.5 പുത്രൻ

6.6 കൂപ്പുകൈ

6.7 കുടം

6.8 ഭൂമി

**7.**

7.1 കണ്ണീർ

7.2 മയിൽപ്പീലി

7.3 ചീരയില

7.4 അല്പമൊന്ന്

7.5 മുകിൽത്തുണ്ട്

7.6 പണിയില്ലാതെ

7.7 കുതിരച്ചാട്ടം

# 8

| | | |
|---|---|---|
| 8.1 | സൂര്യന്റെ വിവശതയിൽ അലിവുള്ള ബാലിക അനുജനെ പിച്ച നടത്തിക്കുന്നതു പോലെ ലാഘവത്തോടെയും വാത്സല്യത്തോടെയും സൂര്യനെ വിളക്കിന്റെ തിരിയിലേയ്ക്ക് ആവാഹിക്കുന്നു. | 2 |
| 8.2 | ഒരങ്കം മാത്രം.<br>പരിമിത കഥാപാത്രങ്ങൾ, ലളിതമായ കഥാഘടന | 1<br>1 |
| 8.3 | കരിമ്പനകൾക്ക് കാറ്റുപിടിക്കുന്നതായി തോന്നി<br>പനമ്പട്ടകൾ സംസാരിക്കുന്നതായി തോന്നി | 1<br>1 |
| 8.4 | വീശുവല ചുറ്റിച്ച് വീശുമ്പോൾ വിരിഞ്ഞ്, പരന്ന് വീഴുന്നു | 2 |
| 8.5 | കുടിയിരിപ്പുകളായി മാറിയ കുന്നിൻപുറങ്ങളിൽ കണ്ണാന്തളിപ്പൂക്കൾ വളരാതായി.<br>ഇപ്പോൾ പൂക്കളില്ല. ഗ്രാമവും മാറിയിരിക്കുന്നു | 1<br>1 |
| 8.6 | പലരും കുളി കിണറ്റിൻകരയിലാക്കി,കുട്ടികൾ അതിൽ ചപ്പും ചവറും കല്ലും ഇട്ടു രസിച്ചു. ചിലർ കപ്പിയും തൊട്ടിയും മോഷ്ടിച്ചു. | 2 |
| 8.7 | അവിചാരിതമായി സംഭവിച്ച അപകടത്തെത്തുടർന്ന്<br>മക്കൾ അത് ഏറ്റെടുത്തില്ല | 1<br>1 |
| 8.8 | കുരിശിൽ ചുംബിക്കാനായി ആകാശത്തിൽ നിന്ന് ഇറങ്ങിവരുന്ന മാലാഖമാരായി | 2 |
| 8.9 | യുദ്ധത്തിൽ കൃഷ്ണൻ ആയുധമെടുത്തില്ല,<br>ചമ്മട്ടിയേന്തി ചങ്ങാതിയുടെ തേർ തെളിക്കുകമാത്രമാണ് ചെയ്തത് | 1<br>1 |
| 8.10 | ഗോഖലെ ദക്ഷിണാഫ്രിക്കയിലെത്തിയപ്പോൾ ഗാന്ധിജിയാണ് അദ്ദേഹത്തിന്റെ നേരൃത് കഴുകി തേച്ചുകൊടുത്തത് | 2 |
| 8.11 | റൗണ്ട്സിനിടയിൽ മനോജിന്റെ മുറിയിൽ നിന്ന് സിഗരറ്റിന്റെ മണവും മണവും വരുന്നത് ഡോക്ടർ കണ്ടു. അത് അറിഞ്ഞിട്ടും നേഴ്സുമാർ തന്നെ അറിയിക്കാതിരുന്നതുമൂലമാണ് | 2 |
| 8.12 | ജന്മസിദ്ധി, അഭ്യാസം, പൂർവ്വമാതൃകകൾ, സാമുദായിക നിർദ്ദേശങ്ങൾ, തനിക്കു ചുറ്റുമുള്ള ജനതയുടെ ജീവിതരീതി, ജീവിക്കാനാവശ്യമായ സമ്പാദ്യം ( ഏതെങ്കിലും രണ്ടെണ്ണം ) | 2 |
| 8.13 | രോഗമില്ലാത്തതുകൊണ്ട് വൈദ്യന്മാർക്ക് ചികിത്സയില്ല,<br>വിരുന്നുണ്ണൽ മാറി ഇരന്നുണ്ണലായി | 1<br>1 |
| 8.14 | സ്വാതന്ത്ര്യമില്ലായ്മ കിളിയെ അസ്വസ്ഥമാക്കുന്നു. ഭംഗിയുള്ള കൂട്ടിലാണെങ്കിലും കിളിയുടെ മനസ്സിൽ ദുഃഖം. കണ്ണുനീർ ആവിയായ് പൊങ്ങുന്നു. | 2 |
| 8.15 | ഗാന്ധാരിയുടെ പുത്രി ദുശ്ശളയുടെ ഭർത്താവാണ് ജയദ്രഥൻ. അർജ്ജുനൻ എയ്ത ശരം കൊണ്ട് ജയദ്രഥൻ കണ്ഠം മുറിഞ്ഞ് മരിച്ചു. | 2 |

# 9.

| | | |
|---|---|---|
| 9.1 | പഴയ തലമുറ പാരമ്പര്യത്തിന്റെയും സ്വാർത്ഥചിന്തയുടേയും പ്രതീകമാണ് പുതുതലമുറ പ്രത്യാശാ നിർഭരമായ ലോകവീക്ഷണം പുലർത്തുന്നു.<br>സൂര്യന് ഇടത്താവളം ഒരുക്കുന്നു. | 2<br>1 |
| 9.2 | കഥയിലെ ഭർത്താവ് കുടുംബചുമതലകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാഗ്രഹിക്കുന്നു. പഞ്ചാരവാക്കുകൾകൊണ്ടും അനാവശ്യപുകഴ്ത്തൽ കൊണ്ടും ഭാര്യയെ സന്തോഷിപ്പിച്ച് പാട്ടിലാക്കുന്നു.<br>താൻ യജമാനനാണ് എന്ന ഭാവം അയാളിൽ പ്രകടമാണ്. അനുസരണയുള്ള ഒരു പട്ടിയാണ് ഭാര്യയെന്ന് അയാൾ സങ്കല്പിക്കുന്നു. | 2<br>1 |
| 9.3 | നാടുവാഴി പ്രഭുക്കന്മാർക്ക് അങ്കവും ചുങ്കവും കപ്പവും കിട്ടാതായി. കള്ളന്മാരെ കൊല്ലാനാവാതെയായി.<br>രാജശിക്ഷ ഇല്ലാതായി | 2<br>1 |
| 9.4 | പ്രിട്ടോറിയയിലെ ഇംഗ്ലീഷുകാരനായ ക്ഷുരകന്റെ അടുത്തുചെന്നപ്പോൾ തന്റെ മുടിവെട്ടില്ലെന്ന് പുച്ഛത്തോടെ പറഞ്ഞത് ഗാന്ധിജിയെ വിഷമിപ്പിച്ചു | 3 |
| 9.5 | കുടിയിരുപ്പുകൾ വന്നതോടെ കുന്നിൻ പുറങ്ങളിൽ, കണ്ണാന്തളി വളരാതായി. മലമക്കാവിലെ വൈദ്യൻ പാറയിടുക്കിൽ നിന്നും മൂന്നു കണ്ണാന്തളിച്ചെടികൾ കണ്ടെത്തി വളർത്തി. ഒന്നിൽ പൂവുങ്കിലും നിറം മങ്ങിയിരിക്കുന്നു. നനുത്ത മണമുണ്ടെങ്കിലും പുന്നെല്ലരിച്ചോറിന്റെ ഗന്ധമില്ല | 1<br>1<br>1 |
| 9.6 | അമ്മയെ തന്റെ ദുർവിധിക്ക് കാരണക്കാരിയായി കാണുന്ന മാനോജിന് ഏകപ്രതീക്ഷ ഭാവിവധുവാണ്. കരുത്തേറിയ രോഗത്തെ പ്രതിരോധിക്കാനുള്ള ഉൾക്കരുത്ത് മനോജ് നേടുന്നത് തന്റെ ഭാവി പങ്കാളിയുടെ സ്നേഹത്തിലാണ്. | 3 |
| 9.7 | പെരിക്ലിസിന്റെ ഭരണമികവ്,<br>നാടകരംഗത്ത് ഈസ്കിലസ്, സോഫോക്ലിസ്, യൂറിപ്പിഡിസ്, ശില്പരംഗത്ത് ഫിഡിയാസ്, ചിത്രകലയിൽപോളിസ്നോട്ടസ്, തത്വജ്ഞാനികളായ സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരുടെയെല്ലാം കാലത്ത്. | 3 |
| 9.8 | അവിടെയൊരു കുടിലുകെട്ടി പുട്ടും പഴവും വിറ്റിരുന്നെങ്കിൽ അവന്റെ ചെലവിനുള്ളതു കിട്ടുമായിരുന്നു എന്നു ചിലരും, ഉതുപ്പാന്റെ വക എന്നെഴുതി വച്ചിരുന്നെങ്കിൽ പ്രസിദ്ധിക്കു കൊള്ളാമായിരുന്നു എന്നു മറ്റു ചിലരും<br>തീരെ ഗതികെട്ടാൽ കുടിച്ചുചാകാൻ വല്ലവരുടെയും കിണറന്വേഷിക്കേണ്ട ല്ലോ എന്നു വേറെ ചിലരും പറഞ്ഞു. | 1<br>1<br>1 |

10

| | | |
|---|---|---|
| 10.1 | എ. | |
| | യുദ്ധക്കളത്തിൽ ഗാന്ധാരി കാണുന്ന രംഗങ്ങൾ.<br>യുദ്ധം വരുത്തുന്ന നാശങ്ങൾ –<br>ജീവഹാനികൾ, അനാഥത്വം,<br>അനേകായിരങ്ങൾ അംഗഹീനരും മാറാരോഗികളുമാകുന്നു.<br>വസ്തുവകകൾക്കുണ്ടാകുന്ന നാശങ്ങൾ,<br>മനുഷ്യന് ആവശ്യമായ വിഭവങ്ങളുടെ അഭാവം, ഭക്ഷ്യക്ഷാമം, ദാരിദ്ര്യം, പകർച്ച വ്യാധികൾ, തൊഴിലില്ലായ്മ, അഭയാർത്ഥിപ്രവാഹം, പരിസ്ഥിതിനാശം, ആഗോള തലത്തിൽത്തന്നെ ഉണ്ടാകുന്ന നാശങ്ങൾ<br>തോറ്റവനും ജയിച്ചവനും, യുദ്ധത്തിൽ പങ്കെടുക്കാത്തവരും അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ. | 2<br>1<br>1<br>1 |
| 10.1 | ബി | |
| | വിട്ടയയ്ക്കുക എന്ന കവിതയിലെ ആശയങ്ങൾ<br>കൂടിന്റെ ഭംഗിയോ. സൗകര്യങ്ങളോ അല്ല, വിശാലമായ ലോകത്ത് മറ്റുള്ള കിളികളോടൊപ്പം പറന്നു നടക്കാനുള്ള കിളിയുടെ മോഹം. മനുഷ്യനും ഇതുപോലെതന്നെ. എല്ലാ മേഖലകളിലുമുള്ള സ്വാതന്ത്ര്യമാണ് അവന്റെ സ്വപ്നം. സ്വാതന്ത്ര്യസമരകാലത്തെ ഭാരതീയരുടെ സ്വാതന്ത്ര്യാഭിലാഷമാണ് ഈ കവിത നല്കുന്ന സൂചന. ഏതു തരത്തിലുള്ള പാരതന്ത്ര്യവും മനുഷ്യനെ അസ്വസ്ഥനാക്കും. പരമമായ സ്വാതന്ത്ര്യം അവന്റെ സ്വപ്നം | 2<br>1<br>1<br>1 |
| 10.2 | എ | |
| | കുരുവികളുടെ വഴക്കിൽ കുഞ്ഞുപാത്തുമ്മ നടത്തുന്ന ഇടപെടലുകൾ,<br>അവയെ രക്ഷിക്കാൻ അവൾ നടത്തുന്ന ശ്രമങ്ങൾ.<br>സ്വന്തം ജീവിതാവസ്ഥയുമായി നടത്തുന്ന താരതമ്യം. പ്രപഞ്ചത്തിലെ സകലജീവികളും ഈ ഭൂമിയുടെ അവകാശികളാണെന്നും സഹവർത്തിത്വത്തിൽ കഴിയേണ്ടവരാണെന്നുമുള്ള ബഷീറിന്റെ കാഴ്ചപ്പാട്. | 2<br>1<br>1<br>1 |
| 10.2 | ബി | |
| | പാഴുതറയിലെ നാനാജാതി മതസ്ഥരായ ആളുകൾ തമ്മിലുള്ള സ്നേഹ ബന്ധത്തിന്റെ ഊഷ്മളത.<br>വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെയാകെ ദുഃഖമായി മാറുന്നു.<br>വെള്ളായിയപ്പനും കുട്ട്യസൻ മാപ്പിളയും തമ്മിലുള്ള സംഭാഷണത്തിൽ തെളിയുന്ന സ്നേഹവും സൗഹാർദ്ദവും. | 2<br>1<br>1<br>1 |
| | | |

| | | |
|---|---|---|
| 10.3 | എ | |
| | നല്ല അയൽപക്ക ബന്ധത്തിന്റെ ആവശ്യകത,<br>പരസ്പര സഹായങ്ങൾ. ജാതിമത ചിന്തകൾക്കതീതമായ സ്നേഹബന്ധം.<br>അഴീക്കോടുമാഷിന്റെ അനുഭവങ്ങൾ.<br>സമൂഹത്തിന്റെ കെട്ടുറപ്പിനും സുസ്ഥിതിക്കും അയൽപക്ക ബന്ധം ആവശ്യമാണ്. കുട്ടികളേക്കാൾ മുതിർന്നവർ ഈ സത്യം മനസ്സിലാക്കണം. ലോക സുസ്ഥിതിക്ക് അയൽ രാജ്യങ്ങൾ തമ്മിലും പരസ്പര ബഹുമാനവും സൗഹാർദ്ദവും ആവശ്യമാണ് | 2<br>1<br>1<br>1 |
| 10.3 | ബി | |
| | കടങ്കഥകൾ ബുദ്ധിവ്യായാമത്തിലൂടെ ഭാഷാസാഹിത്യപഠനത്തിന് സഹായിക്കുന്നു.<br>പ്രയോഗഭംഗി, അലങ്കാരം, ധ്വനി, വൃത്തം എന്നിവ കടങ്കഥകളിലുണ്ട്.<br>വിനോദത്തിലൂടെ ഭാഷാപഠനം.<br>കടങ്കഥകളിലെ ഭാഷാഭേദങ്ങൾ, നാടോടിത്തം, കുട്ടിത്തം, ഭാവന, ഊഹം, ചിന്താശേഷി എന്നിവയുടെ വർദ്ധനയ്ക്ക് സഹായകം | 1<br>1<br>1<br>1<br>1 |